പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2171 26-10-2026-ൽ മറുപടിയ്ക്ക്

കല്ല്യാശ്ശേരി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ.(പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും, പൂർത്തീകരിച്ചതുമായ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: കടന്നപ്പള്ളി - കച്ചേരിക്കടവ് റോഡ്, പാണപ്പുഴ - പാണപ്പുഴച്ചാൽ റോഡ്, പറവൂർ-കോയിപ്ര റോഡ് എന്നിവ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പൂർത്തിയാക്കി അഞ്ച് വർഷ മെയിൻറനൻസിനു ശേഷം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ നിലവിൽ കല്യാശ്ശേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം റോഡ് പ്രവൃത്തികൾ ഒന്നും തന്നെ നടക്കുന്നില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മറുപടി: പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താനായി മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന റോഡുകളുടെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്ളാനിംഗ് ആഡിറ്റ് കഴിഞ്ഞാൽ മാത്രമേ അന്തിമ തീരുമാനം ലഭിക്കുകയുള്ളൂ.

1. കോമ്പ്രേഡ് റോഡ്

2. കുത്തിക്കുഴിച്ചപ്പാറ ഹനുമാരമ്പലം കിഴക്കേനട റോഡ്

3. പടന്നപ്രം പടന്നപുര തൊണ്ടൻപ്പള്ളി റോഡ്.

4. പള്ളിക്കര ഫിഷ് കോളനി പഴയങ്ങാടി റെയിൽവേ പാലം തീരദേശറോഡ്

5. പുന്നച്ചേരി പൂങ്കാവ് കൊമ്പത്ത് മൂട്ടിൽഡാം

6. കൊട്ടില ക്ഷമൻച്ചാൽ പരിയാരം ഹൈസ്കൂൾ റോഡ്

7.കച്ചേരിക്കടവ് ഏരിം സമാന്തര റോഡ്

8. അരിയിൽകോളനി പട്ടുവം ജി.എച്ച്.എസ്.എസ് എടമുട്ട് പട്ടുവംകുന്നെരു റോഡ്

9. ചന്ദപ്പുര പള്ളിയാളം റോഡ്

10. പറവൂർ കച്ചേരിക്കടവ് റോഡ്

സെക്ഷൻ ഓഫീസർ